# രാജർഷി

| പുസ്തകം 8 | എടവം | ലക്കം 10 |
| --- | --- | --- |

## മംഗളം.

—*—

ആർതൻ സ്മാരകമാ യന്തനകുതുകാലാവിർഭവിച്ചത്ഭുത
ശ്രീതിങ്ങി പ്രതിവാസരം പ്രബലയായിന്നോളവും വന്ന നീ
പോർതൻ മാറ്റൊലിയേററ മാററു കുറയാൻ പററാത്ത മട്ടാമഹ-
ജ്ജ്യോതിസ്സിൻ പ്രസരം നിനക്കവസരം നൽകും ചിരം വാഴവാൻ.

കുന്നത്തേരി രാമൻ മേനോൻ, ബോംബെ.

---

രാജർഷിയെപ്പററി
## അഭിപ്രായം.

കാരാണ്മ
20_8_1117.

ശ്രീമൻ,

മകരം കുംഭം ലക്കം രാജർഷി കിട്ടി! കടലാസ്സിന്നും മററും ക്രമാതീതമായ വിധത്തിൽ വിലകൂടിയിരിക്കുന്ന ഇക്കാലത്തുപോലും രാജർഷി സ്തുത്യർഹമായ വിധത്തിൽ നടത്തിക്കൊണ്ടുപോകുന്നതാലോചിച്ചാൽ നിങ്ങൾ ക്രമത്തിലധികം കായക്ലേശവും ധനനഷ്ടവും അനുഭവിക്കുന്നുണ്ടെന്ന് ആക്കും ബോധപ്പെടുന്നതാണ്. സ്ഥിരോത്സാഹിയും സാഹിതീഭക്തനുമായ നിങ്ങളെ ഈ വിഷയത്തിൽ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല. ലേഖനസ്വീകരണത്തിലും ഗ്രന്ഥനിരൂപണത്തിലും മററും നിങ്ങൾ പ്രദശിപ്പിക്കാറുള്ള വിവേകവും ഔചിത്യബുദ്ധിയും തുലോം പ്രശംസനീയമാകുന്നു. ഉൽകൃഷ്ടമായ ഈ മാസികമൂലം കൈരളിക്കു പരിഷ്കാരവും അഭ്യുന്നതിയും ലഭിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. തങ്കളുടെ നിപുണമായ ഭരണത്തിൽ ഈ മാസിക ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിക്കുവാൻ പ്രാത്ഥിക്കുകയും സാഹിത്യപോഷണൈകവ്രതിയായ താങ്കൾക്കു സർവ്വവിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

വിധേയൻ, ചെന്നിത്തല കെ കൃഷ്ണയ്യർ.

## അലങ്കാരവിചാരം.

### V.

ഭാഷാകവികളും ഏതദ്വിധങ്ങളായ അലങ്കാരങ്ങളെ ലോഭമില്ലാതെ പ്രയോഗിച്ചിട്ടുണ്ട്. അവയിലും മുൻപു ഉദ്ധരിച്ച പദ്യങ്ങളുടെ ആസ്വാദ്യത സഹൃദയന്മാർ അനുഭവപ്പെടും.

ഇന്ദിരാതന്നുടെ പുഞ്ചിരിയായോരു-
ചന്ദ്രികാ മെയ്യിൽ പരക്കയാലേ
പാലാഴിവെള്ളത്തിൽ മുങ്ങിനിന്നീടുന്ന
നീലാഭമായോരു ശൈലംപോലെ

(കൃഷ്ണഗാഥ)

എന്നഭാഗം പ്രകൃതത്തിൽ സ്മരണയിൽ വരുന്നു.

മൂർത്തദ്രവ്യങ്ങൾക്കു തത്തുല്യങ്ങളായ ഉപമാനങ്ങളെ സ്വീകരിക്കുകയും, അവയിൽ ബഹിഃപ്രകാശമാനമായ ധർമ്മം ശരിയായി യോജിപ്പിക്കുകയും ചെയ്താൽ താദൃശങ്ങളായ അലങ്കാരങ്ങൾക്കു എത്രയും ആസ്വാദ്യതയും ഫലസിദ്ധിയും സംഭവിക്കുമെന്നു ഇവിടെ ഉദാഹൃതങ്ങളായ ഭാഗങ്ങളിൽനിന്നു സ്പഷ്ടമാകുമെന്നു വിശ്വസിക്കുന്നു. ആവശ്യത്തേയും ഭംഗിയേയും സാധിക്കുന്നതിനു ഏതദ്വിധങ്ങളായ ഉപമകൾക്കു മററുള്ളവയേക്കാൾ കരുത്തു കൂടുതലുണ്ട്. അതുകൊണ്ടു ഈ വർഗ്ഗത്തിൽ ഗണിക്കപ്പെടേണ്ടു ഉപമകൾക്കു അഗ്ര്യസ്ഥാനം അനുവദിച്ചുകൊടുക്കുന്നതു യുക്തമായിരിക്കും.

മൂർത്തങ്ങളായ ഉപമേയങ്ങൾക്കു അമൂർത്തങ്ങളായ ഉപമാനങ്ങൾ നിവേശിപ്പിക്കുക സാഹിത്യത്തിൽ ധാരാളമാകുന്നു. അവയ്ക്കു് ഇണക്കവും ഭംഗിയും കുറയും. എങ്കിലും സംസ്കാരത്തോടും സാഹിത്യത്തോടും പരിചയാധിക്യംകൊണ്ടു സാത്മ്യം കൈവന്നിരിക്കുന്നവർ അവയിൽ സാരസ്യം അനുഭവപ്പെടുമെന്നതിനു സംശയമില്ല. പ്രസ്തുത ഗുണം ലഭിക്കാത്തവർ ഇത്തരം അലങ്കാരങ്ങളിൽ രസാനുഭൂതി ഉണ്ടാകുകയില്ലെന്നുതന്നെയല്ല അവ അത്യന്തം വിരസങ്ങളായിരിക്കുകയും ചെയ്യും.

വാത്മീകിരാമായണത്തിൽനിന്നും ചില പദ്യങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നു.

താം സ്മൃതീമിവസന്ദിശ്ധാ വൃദ്ധിം നിപതിതാമിവ
വിഹതാമിവ ച ശ്രദ്ധാമാശാം പ്രതിഹതാമിവ

സോപസർഗ്ഗാം യഥാ സിദ്ധിം ബുദ്ധിം സകലുഷാമിവ
അഭൂതേനാപവാദേന കീർത്തിം നിപതിതാമിവ

* * * *

തസ്യ സന്ദിദിഹേബുദ്ധിർമ്മുഹുസ്സീതാം നിരീക്ഷ്യതു
ആമ്നായാനാമയോഗേന വിദ്യാം പ്രശിഥിലാമിവ
ദുഃഖേന ബബുധേ സീതാം ഹനുമാനനലങ്കൃതാം
സംസ്കാരേണ യഥാഹീനാം വാചമർത്ഥാന്തരംഗതാം

(സുന്ദരകാണ്ഡം)

ഈ ശ്ലോകങ്ങളിൽ സീതയെ സ്മൃതി, ഋദ്ധി, ശ്രദ്ധ, ആശ, സിദ്ധി, ബുദ്ധി, കീർത്തി, വിദ്യ, വാക്ക എന്നിവയോടു ഉപമിച്ചിരിക്കുന്നു. ഇവിടെ ഉപമാനങ്ങളിൽ ഒന്നിനും മൂർത്തിമത്വം ഇല്ല. ശ്രദ്ധ, സിദ്ധി, വിദ്യ, വാക്ക എന്നീ ഉപമകൾ സീതയുടെ ശുദ്ധ്യാദി ഗുണങ്ങളെ ധ്വനിപ്പിക്കുന്നതുകൊണ്ടു വിശിഷ്ടങ്ങളായിട്ടുണ്ട്. എന്നാൽ സ്മൃതി ഋദ്ധി മുതലായവയ്ക്കു ആ ഗുണം തീരെ കുറവാണ്.

മഹാകവിയായ കാളിദാസൻ ഇവിടെ പ്രതിപാദിച്ച വിധം അലങ്കാരങ്ങൾ ധാരാളം പ്രയോഗിച്ചിട്ടുണ്ട്. നോക്കുക:—

വാഗർത്ഥാവിവ സംപൃക്തൌ വാഗർത്ഥപ്രതിപത്തയേ
ജഗതഃ പിതരൌ വന്ദേ പാർവ്വതീപരമേശ്വരൌ

* * * (രഘു. സ. 1.)

തസ്യാഃ ഖുരന്യാസ പവിത്രപാംസു-
മപാംസുലാനാം ധുരി കീർത്തനീയാ
മാർഗ്ഗം മനുഷ്യേശ്വരധർമ്മപത്നീ
ശ്രുതേരിവാർത്ഥം സ്മൃതിരന്വഗച്ഛൽ

* * * (രഘു. സ. 2)

അതിഥിം നാമകാകുൽസ്ഥാൽ പുത്രം പ്രാപ കുമുദ്വതീ
പശ്ചിമാദ്യാമിനീ യാമാൽ പ്രസാദമിവ ചേതനാ

* * * (രഘു. സ. 17.)

ഒന്നാം ശ്ലോകത്തിൽ പാർവ്വതീപരമേശ്വരന്മാരെ വാഗർത്ഥങ്ങളോടു ഉപമിച്ചതുകൊണ്ടു അവരുടെ ബന്ധം അഭേദ്യവും നിത്യവും എന്നു സിദ്ധിക്കുന്നു. രണ്ടാമത്തേതിൽ ദിലീപനു ശ്രുത്യർത്ഥത്തിന്റേയും സുദക്ഷിണയ്ക്കു സ്മൃതിയുടേയും സാദൃശ്യം നിബന്ധിച്ചതു അവരുടെ അന്യാദൃശമായ അന്യോന്യബന്ധത്തേയും പവിത്രതയേയും ധ്വനിപ്പിക്കുവാനാകുന്നു. അടുത്ത പദ്യത്തിലെ അലങ്കാരം കുമുദ്വതിയുടെ വിശിഷ്ടതയേയും അതിഥിയുടെ നൈർമ്മല്യത്തേയും വ്യഞ്ജിപ്പിക്കുന്നു. ഈ ശ്ലോകങ്ങളിലെ അല

കാരങ്ങളുടെ സാരസ്യത്തെക്കുറിച്ചു ചിലക്കു അഭിപ്രായഭേദം ഉണ്ടായേക്കാം.; എന്നാൽ ഉദ്ദേശ്യത്തെ സാധിക്കുന്ന കാര്യത്തിൽ അവയ്ക്കുള്ള ശക്തിയെപ്പററി വാദത്തിനു ഇടയില്ല.

ഉപമപോലെ മൂത്താമൂത്തദ്രവ്യങ്ങൾ ഗ്രഹിച്ചുകൊണ്ടു രൂപകവും നിമ്മിക്കാറുണ്ട്. തത്വപരങ്ങളായ ആശയങ്ങളുടെ സ്വരൂപം പൂണ്ണമായി വിശദമാക്കുന്നതിനു പലപ്പോഴും ഉപമയേക്കാൾ രൂപകം സമത്ഥമെന്നു വെളിവാകും. വാസിഷ്ഠാദി ശാസ്ത്രങ്ങളിൽ തത്വപ്രതിപാദനത്തിനു ഉപമപോലെ രൂപകത്തേയും ധാരാളം ഉപയോഗിച്ചിരിക്കുന്നതായി കാണ്മാം. കുഞ്ഞിക്കുട്ടൻതമ്പുരാൻെറ ആത്മബോധം പാനയിൽനിന്നു ഇവിടെ ഒന്നുരണ്ടു ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നു.

ആത്മാവാകുമരണിയിലങ്ങിനെ-
യാത്മജ്ഞാനക്കടച്ചിൽ പ്രയോഗിച്ചാൽ
ഉണ്ടാകും ജ്ഞാനത്തിയ്യെരിഞ്ഞജ്ഞാന-
ത്തുണ്ടാകും വിറകൊക്കെക്കരിയുമേ.

* * *

മോഹവങ്കടൽക്കക്കരെയിൽച്ചെന്നും
രാഗദ്വേഷാദി രാക്ഷസരെക്കൊന്നും
ആത്മശാന്തിയാം ദേവിയെക്കൈക്കൊണ്ടും
സ്വാത്മാരാമനായേററം തെളിയുന്നു.

ഇവയിൽ രൂപകം പ്രതിപാദ്യമായ തത്വത്തെ നന്നായി വെളിപ്പെടുത്തുന്നതിനു അധികം സഹായിച്ചിരിക്കുന്നു.

സന്ദർഭാനുസരണം രൂപകങ്ങൾ നിവേശിപ്പിച്ചു തത്വങ്ങൾ പ്രതിപാദിച്ചിരിക്കുന്നതിനു ഭാഷാകാവ്യങ്ങളിലും ഉദാഹരണങ്ങൾ ഉണ്ട്.

നീ കേൾ നനയ്ക്കേണമുപായവൃക്ഷാ-
നാകുന്നതുത്സാഹപയഃ പ്രവാഹൈഃ
ഏകാധിപത്യം ഫലമെങ്കിൽ നൂനം
കൈകൊണ്ടുറുക്കായ് വരുമെങ്ങിരുന്നും.

(ഭാ. രാ. ചമ്പു. പട്ടാഭിഷേകം.)

മാത്സര്യകാളാംബുദമങ്ങുമിങ്ങും
വാത്സല്യകാറേററകലുന്നനാളേ
മനോമയവ്യോമനി പോന്നുദിപ്പൂ
തെളിഞ്ഞുസംസാരമരീചിമാലീ

(ചന്ദ്രോത്സവം.)

ഈ പദ്യങ്ങളിൽ അമൂത്തങ്ങളായ ഉപായോത്സാഹാദികളേയും മൂത്തങ്ങളായവൃക്ഷപയഃപ്രവാഹാദികളേയും ഗ്രഹിച്ചിരിക്കുന്നു. വസ്തുക്കളുടെ അഭേദ്യമായ അന്യോന്യബന്ധത്തെ ധ്വനിപ്പിച്ചു തദ്വാരാ പ്രതിപാദ്യമായ തത്വത്തിൻെറ രൂപം പ്രകാശിപ്പിക്കുന്നതിനു രണ്ടു പദ്യങ്ങളിലേയും രൂപകം നല്ല സാഹായ്യ്യം ചെയ്യുന്നു. ഉപായത്തിൽ വൃക്ഷത്തിൻേറയും ഉത്സാഹത്തിൽ ജലത്തിൻേറയും രൂപം ആരോപിച്ചതു, മരം വെള്ളം കൊണ്ടെന്നപോലെ ഉപായം ഉത്സാഹംകൊണ്ടു മാത്രമേ വളൎന്നു ഫലപ്രദമാകുകയുള്ളു എന്നു കാണിക്കുവാനാകുന്നു. കാളാംബുദം കാററു ആകാശം സൂൎയ്യൻ എന്നിവയുടെ രൂപകല്പനകൊണ്ടു് മാത്സൎയ്യം വാത്സല്യം മനസ്സു സംസാരം എന്നിവയുടെ അന്യോന്യബന്ധത്തിൻെറ സ്വഭാവം ശ്രവണമാത്രയിൽ മനസ്സിൽ പതിയുന്നു. ഇപ്രകാരം അമൂത്തങ്ങളായ ധൎമ്മങ്ങൾക്കു ആകൃതി കല്പിച്ചു അലങ്കാരം ഇണക്കി ആ വിധം പ്രതിപാദിക്കുന്നതായാൽ ഏതു സൂക്ഷ്മതത്വത്തേയും അല്പബുദ്ധികൾക്കുകൂടി സുഗ്രഹമാക്കുവാൻ കഴിയും. ഉദ്ധൃതപദ്യങ്ങൾ ഈ അഭിപ്രായത്തിനു ലക്ഷ്യങ്ങളാകുന്നു.

വസ്തുസ്ഥിതി വിരളവും, സൌന്ദൎയ്യവും മാധുൎയ്യവും, അധികവും ആയിരിക്കുമെന്നതത്രേ ഭാവനാത്മകങ്ങളായ അമൂത്തവസ്തുക്കളെ ഗ്രഹിച്ചു നിൎമ്മിക്കുന്ന അലങ്കാരത്തിൻെറ പ്രത്യേകത. ലോകത്തിൽ അസിദ്ധങ്ങളും കവിസങ്കേതബന്ധംകൊണ്ടു സാഹിത്യത്തിൽ പ്രസിദ്ധങ്ങളും ആയ കാൎയ്യങ്ങളാണു് ഭാവനാപരങ്ങളായ അലങ്കാരങ്ങൾക്കു അടിസ്ഥാനം. ഇവയിൽ രസാനുഭൂതി ഉണ്ടാകണമെങ്കിൽ പരിചയവിശേഷം കൊണ്ടു സാത്മ്യം നിശ്ചയമായും ലഭിച്ചിരിക്കണം. അതു കൈവരാത്തവൎക്കു ഏതാദൃശാലങ്കാരങ്ങൾ വിരസങ്ങളും അസംബന്ധങ്ങളും എന്നേ തോന്നുകയുള്ളു.

ശിവ ശിവ ചെറിയച്ചീ വിപ്രയോഗജ്വരാൎത്തം
കുറവുയിരപിതീപ്പാൻ നൂനമിന്ദുച്ചലേന
മദനനുദയശൈലപ്പുള്ളിവില്ലിൽതൊടുത്താൻ
പഥികരുധിരധാരാപാടലം പള്ളിയമ്പു.

ഈ ശ്ലോകത്തിലെ 'പഥിക......പാടല'ത്തിനു സങ്കല്പലോകത്തിൽ മാത്രമേ സ്ഥാനമുള്ളു. എങ്കിലും അതു അതിമനോഹരമായ ഒരു പ്രയോഗമെന്നു സഹൃദയന്മാർ സമ്മതിക്കും.

"സൌന്ദൎയ്യാമൃതസാഗരമദ്ധ്യാന്മൃദുലസമീരണമേററു ബലാലി മ്മിട്ടാലേറിച്ചെരുതിരമാല വരുന്ന കണക്കേ, വിശ്വംഭരയിൽ വിഹാര ത്തിന്നൊരു വിദ്യുന്മാല വരുന്ന കണക്കേ, വിഭ്രമമെന്നും കല്പകശാഖി നി മെത്തിന പുത്തൻ മഞ്ജരി പോലെ, വിനയപ്പേരാമംഭോജന്മനി വിളയും പരിമളലഹരികൾപോലെ, മത്തമതംഗജകുംഭാഭോഗേ മരു വിന മദജലധോരണിപോലെ, പുതുമലർബാണൻ കരഭൂവി മിന്നും ഭുവനഭ്രാമണപിഞ്ഛികപോലെ, ലാവണ്യത്തിനു പരദേവതയായ്, മാധുൎയ്യത്തിനുമഞ്ജൂഷികയായ്" * * *

(ഭാ. രാ. ചമ്പു. ഖരവധം.)

എന്ന നായികാവൎണ്ണനം നോക്കുക. ഇവിടെ സൌന്ദൎയ്യസുധാസാഗര ത്തിലെ തിരമാലയും, വിഭ്രമകല്പതരുവിൻെറ മഞ്ജരിയും, വിനയാംഭോ ജിനിയിലെ പരിമളലഹരികയും, പുതുമലർബാണനെൻറ ഭുവനമോഹന പിഞ്ഛികയും ലാവണ്യത്തിൻെറ പരദേവതയും, മാധുൎയ്യത്തിൻെറ മഞ്ജൂ ഷികയും ഭാവനൈകഗോചരങ്ങളാകുന്നു. 'പുതു......പിഞ്ഛിക' എന്ന ഭാഗം കേൾക്കുമ്പോൾ ഏതു സഹൃദയൻേറയും ശിരസ്സ് അറിയാതെ ഒന്നു കുലുങ്ങും. അത്രയ്ക്കു അതു സൌന്ദൎയ്യം തികഞ്ഞ ഒരു ഭാവനയാ യിട്ടുണ്ട്. 'പരിമളലഹരികയ്ക്കും ഒരു പരിമളം വേറെ അനുഭവപ്പെട്ടു ന്നതായി സമ്മതിക്കണം. ഇതുപോലെ 'മാരക്ഷ്മാപാലവീരന്നു താ ന്നേ നടക്കും ജഗജ്ജൈത്ര പൊന്നിൻ പതാകായമാനേ!" എന്നുതുടങ്ങി അനേകം പുളകജനകങ്ങളായ പ്രയോഗങ്ങൾ ഭാഷാചമ്പുക്കളിൽ ഉണ്ട്. വൎണ്ണ്യവസ്തുവിൻെറ (പ്രകൃതത്തിൽ നായികയുടെ) പരമോല്ക്കൎഷം സാ ധിക്കുകയാകുന്നു ഏതാദൃശമായ അലങ്കാരപ്രയോഗത്തിൻെറ ഉദ്ദേശ്യം. ഭാഷാകാവ്യങ്ങളിൽ ചമ്പുക്കളിലാകുന്നു ഇത്തരം കല്പനകൾ അധിക മുപയോഗിച്ചിരിക്കുന്നത്. കാമദഹനം രാമായണം കൊടിയവിരഹം മുതലായ ചമ്പുക്കൾ നോക്കുക.

വടക്കുംകൂർ, രാജരാജവൎമ്മരാജാ.

# ശ്രീഗുരുവായുപുരേശസ്തവം.

ഏതാണേതിനുമപ്പുറത്തരുളവോ, ന്നേതൊന്നിനാലോതക-
പ്പ്രോതംവസ്ഥയിലിച്ചരാചരകുലം വ്യാപിച്ചു ശോഭിപ്പു ഹാ!
ഏതാദൃഗ്വിധവസ്തുവെന്നൃഷികളൽഘോഷിച്ചുഭാഷിച്ചിട്ടും
ഭൂതാത്മൻ! ഗുരുവായുമന്ദിരപതേ! വെൽകാവു, വെൽകാവു നീ!

2

തൂമിന്നൽദ്യുതിപീതമംബരമണിഞ്ഞോ; രുക്മഗാരുത്മത-
വ്യാമിശ്രച്ഛവി, സാന്ധ്യവിഭ്രമമണച്ചെമ്പാട്ടമമ്പാടിയിൽ
സ്വാമിൻ! വിൺകളിർപെയ്തഗോപതരുണീതൃഷ്ണാന്തകൃഷ്ണാംബുദം
നീ! മിന്നുന്നു; മിഴിക്ക നേക്ക ഗുരുവായൂരിൽദ്ദയാജൃംഭിതം.

3

ചിന്മാധ്വീമധുരസ്മിതാർദ്രവദനപ്പൊൽത്താമരത്താരിനും
നിന്മാറാം മലർ മാനിനീമരകതപ്പൊൻചാരു മഞ്ചത്തിനും
ബ്രഹ്മാണ്ഡങ്ങളകത്തൊഴും തിരുവയർച്ചിററാലിലച്ചേലിനും
വിൺമാലേയസുവാസിതാംഘ്രിയുഗളത്തിന്നും തൊഴുന്നേനിതാ

4

തണ്ടാർമാതിനു കൺകുളിർക്കെ വഴിയും മന്ദസ്മിതേന്ദൂദയം
കൊണ്ടാരാലമൃതം തളിച്ചടിമലർപ്പൂകുമ്പിടും ഭക്തരിൽ
കൊണ്ടാടിക്കനിവിൻ കണങ്ങൾ പകരും തൃക്കൺമുനക്കേളി ഞാൻ
കണ്ടാവൂ; പതിവായ് മരുൽപുരപതേ! ഭാഗ്യം മഹാഭാഗ്യമേ;

5

സത്താനന്ദമരന്ദകന്ദളിതമാമിന്ദീവരാന്തഃപദം
ഹൃത്താപപ്രശമപ്രശസ്തമഗദം, ശ്രീരാഗധാരാഹ്രദം,
ഉത്താളശ്രുതിഗായദൗപനിഷദം, മുക്തിപ്രദം, ത്വത്പദം
തത്താദൃങ്മഹിമാസ്പദം വിശദമീക്ഷിപ്പൂ, മരുൽപൂരിതിൽ

6

വിശ്വബ്രഹ്മചരാചരാണ്ഡവുമയേ! നിന്നുള്ളിലെന്നും ഭവാൻ
വിശ്വത്തിൽ സകലത്തിലും സതതമന്തർല്ലീനനെന്നും വിഭോ!
ശശ്വൽഭാസിതമാദ്യമവ്യയമധശ്ശാഖോർദ്ധ്വമൂലം കിമ-
പ്യശ്വത്ഥം പരമെന്നുമോതി മറയും മുട്ടും വിരാട്ടേ! തൊഴാം.

7

പുണ്യശ്ലോകസഹസ്രസമ്മിളിതമായ് ഹൃദ്യാർത്ഥചിത്രാത്മനൈ-
പുണ്യത്താൽ മധുജിന്മനോജ്ഞപദമാന്നദ്ധ്യാത്മസിദ്ധ്യർഹമായ്
ഗണ്യശ്രീശുകസംഹിതയ്ക്കുസമമായ് നാരായണീയപ്രഭാ-
വണ്യക്ഷേത്രവരം ജയിപ്പൂ; ഗുരുവായൂരിൽ ബുധാരാധിതം.

8

കാമം ദുഗ്ദ്ധ,ഗുളാന്ന,പായസ,സുധാഹയ്യംഗവീനങ്ങള-
ക്ഷാമം നിത്യവുമാസ്വദിച്ച മധുരസ്മേരാസ്യലാസ്യാഞ്ചിതം
ശ്രീമന്മുഗ്ദ്ധമുഖാർപ്പിതാഗ്രമുരളീഗാനം മുദാ ചെയ്യുമീ
ശ്യാമസ്നിഗ്ദ്ധകളായ കോമളമഹസ്സിന്നായ് സ്സഹസ്രം നമഃ

9

സൽക്കാളായ കളേബരച്ഛവി ചൊരിഞ്ഞോ; മഞ്ജുമഞ്ഞത്തുകിൽ-
പ്പൊൽക്കാന്തിച്ചൂട വീശി, നന്മയിൽ മയിൽപ്പീലിക്കുഴൽച്ചാർത്തോടും
തൃക്കാൽപ്പൂക്കളിൽ പിണച്ചുനിന്നു മുരളീനാദാമൃതം തൂകമീ-
ച്ചിൽക്കാമ്പാകുമളീകഗോകുലമണിപ്പൈതൽക്കിതാ കൈതൊഴാം.

10

തൃപ്പാദാബ്ജരസം നുകന്നൊരു ശുകബ്രഹ്മർഷിയായ് "വാഴകു-
ന്ന";പ്പാർശ്വത്തിലിരുന്ന ഭാഗവതതത്വാർത്ഥപ്രസംഗങ്ങളാൽ
നൽപ്പാൽത്തൂമഴപെയ്തുപെയ്തിവിടമേ പാലാഴിയായ് വാഴ്ക; നീ
മുപ്പാരിൻഗുരുവായൊരപ്പ! ഗുരുവായൂരപ്പ! കൂപ്പുന്നു ഞാൻ.

11

നിൻപാദത്തണൽപററിനിന്നു നിഭൃതം നിൻദാസ്യഭാവം വഹി-
ച്ചെമ്പാടും ഭഗവൽപദാർത്ഥമരുവിട്ടേകാന്തസന്തുഷ്ടരായ്
തൻപാടൊത്തവിധം സഭാജനനമസ്കാരം സമസ്താർപ്പണം
സമ്പാദിപ്പൊരു ഭക്തമൌലികളിവർക്കത്രേ— നമിക്കേണ്ടു ഹാ!

12

മണ്ണിൽ ദണ്ഡനിപാതമാപതിതനായ് സ്വന്തം കൃതം തെററാരോ-
ന്നെണ്ണിപ്പാടിയുമശ്രുവാർത്തു മടിപെട്ടിഞ്ഞാൻ കരഞ്ഞും പരം
കണ്ണിൽകണ്ണനെ നേക്കുക,ണ്ടലമലം, കോരിത്തരിക്കുന്നുമെ-
യ്യുണ്ണിക്കൃഷ്ണനിതൊക്കയും തലകുലുക്കിക്കണ്ടു കൈക്കൊൾകിലായ്!

13

സർവ്വാത്മൻ! കരുണാകടാക്ഷമവിടുന്നെന്നിൽ പകർന്നിന്നിതം
ദുർവ്വാരാഘതമോ വിമുക്തവിമലാത്മാവായ് ദ്ദയാവാരിധേ!
പർവ്വാന്തദ്വിജരാജമുഗ്ദ്ധമതി ഞാൻ വിഷ്ണോ! ത്വദ്ഭൃൽപദേ
നിർവ്വാണാമൃതധാരയാൽ വിടിരുമെന്നാൾപ്പൂ, സമർപ്പിപ്പൂ, തേ.

14

മധുരാധരോഷ്ഠമധുബിന്ദുസുന്ദരം
മധുരാ വിഹാരി മധുവിദ്വിഷഃസ്മിതം
മധുപക്ഷ്മമുഗ്ദ്ധമധുനാധുനോത്വഘം
മധുപജ്യവിഭ്രമധുരീണമാശ്രുമൈ.

15

രുചിരാംബുവാഹരുചിരാധികാസ്തുതം
ന ചിരാദശേഷനിചിതാർത്തിനാശനം
ഉചിതം തദസ്തു രുചിതം തു വസ്തു മേ
വിചികിത്സയാപി ച ചികിത്സയാപ്യലം.

കുറിച്ചിത്താനം, എസ്സ് ശ്രീധരൻ നമ്പൂതിരി.

—(ശുഭം)—

ആയുർവ്വേദം.

# ആയുർവ്വേദപരിഷ്കരണം.

ബഹിരന്തഃസ്ഥിതം സർവ്വലോകാനാമാത്മരൂപകം
ഭാവയേ പരമാനന്ദം പരമാത്മാനമവ്യയം.

## ആയുർവ്വേദത്തിന്റെ ഉൽകർഷം.

വൈദ്യശാസ്ത്രം മററു ശാസ്ത്രങ്ങളെ അപേക്ഷിച്ചു തത്വങ്ങൾക്കും യുക്തിക്കും പുറമെ അനുഭവത്തിനും പ്രാധാന്യമുള്ളതാണ്. വൈദ്യ

ശാസ്ത്രങ്ങൾ പലതുണ്ടെങ്കിലും അവയെ അപേക്ഷിച്ചു ആയുവ്വേ്ദത്തിന് ആശാസ്യമായ മേന്മയുണ്ട്. എന്തെന്നാൽ പ്രാപഞ്ചികമായ പ്രകൃതി-പുരുഷബന്ധത്തെ വേർതിരിച്ചറിഞ്ഞതിനുശേഷം, ശരീരോല്പാദനഹേതുക്കളെപ്പോലും സൂക്ഷ്മമായി നിണ്ണയിച്ചു, ശരീരഘടകപദാത്ഥങ്ങളെ സമത്ഥമായി പരിശോധിച്ചു, ഹൃദയം, ധമനികൾ, മാംസപേശികൾ മുതലായ ആന്തരാവയവങ്ങളുടെ സ്ഥിതിഗതികളെ നോക്കി ദൃശ്യമദൃശ്യവുമായബാഹ്യപ്രപഞ്ചത്തോട് അവയ്ക്കുള്ള സംബന്ധത്തേയും വ്യാപാരത്തേയും ഗ്രഹിച്ചുകൊണ്ടാണ് ആയുവ്വേ്ദം ആവിർഭവിച്ചത്. മററു വൈദ്യശാസ്ത്രങ്ങൾ മിക്കവാറും സ്ഥൂലാവയവങ്ങളേയും, ധാതുപധാതുക്കൾ, കലകൾ, മലങ്ങൾ മുതലായ ദൃശ്യാംശങ്ങളേയും മാത്രമേ പരാമശിക്കുന്നുള്ളു.

തന്ത്രതത്വങ്ങൾക്കു പാശ്ചാത്യമെന്നും പൌരസ്ത്യമെന്നും വ്യത്യാസബോധത്തിന് അവകാശമില്ലെന്നുള്ള അഭിപ്രായം സവ്വദാ ആദരണീയമാണ്. അവ ലോകത്തിലെങ്ങും ജനിക്കാവുന്നതും വിളങ്ങേണ്ടതും തന്നെ. ഏറിയ കാലത്തെ പാരമ്പയ്യംകൊണ്ടുണ്ടായിട്ടുള്ള മനസ്സംസ്കാരത്തിൻേറയും കമ്മകുശലതയുടേയും ഫലമായി ജ്ഞാനാഭിവൃദ്ധിക്കുവേണ്ടി യത്നിക്കുവാൻ ഭാരതീയൻ അത്യന്തം പയ്യാപ്തനാണ്. പ്രത്യക്ഷത്തിൽ വിപരീതങ്ങളെന്നുതോന്നുന്ന അനേകം കായ്യങ്ങൾ നൂലാമാലയായി കിടക്കുന്നതിൽനിന്നു ഊഹാപോഹശക്തികൊണ്ട് എല്ലാററിനേയും ചില നിയമപ്രകാരം തരംതിരിച്ചു സ്വാതന്ത്ര്യവരുത്താനുള്ള മനഃസ്ഥിതിയും കഴിവും അവനുണ്ട്. ഈ മനഃസ്ഥിതിയെ തോന്നിയവഴി ചാടിപ്പോകാതെ നിയമിക്കാനും അവൻെറ അവധാനസ്വഭാവത്തിനു കഴിയും. ഈ നിയന്ത്രണശക്തി അവനെ സത്യത്തിൽത്തന്നെ ഏകാഗ്രചിത്തനായി എത്രകാലമെങ്കിലും ക്ഷമയോടെ വത്തിക്കുവാൻ ഇടയാക്കുന്നു. ഉദാഹരണമായി ശാസ്ത്രപ്രതിപാദനരീതിയെപ്പററി ചിന്തിക്കാം. പുരാതനകാലത്ത് അച്ചടിസമ്പ്രദായമില്ലാതിരുന്നതിനാൽ ആചാര്യന്മാരിൽനിന്നു ശിഷ്യന്മാർ ശാസ്ത്രങ്ങൾ ചൊല്ലിക്കേട്ടാണ് പഠിച്ചുവന്നത്. ശ്രുതികൾ അങ്ങിനെയുള്ളവയാണ്. കുറെക്കാലം കഴിഞ്ഞപ്പോൾ പാഠങ്ങൾ കൈകൊണ്ടെഴുതി സൂക്ഷിച്ചുതുടങ്ങി. ഇതിനു സുകരമായ വിധത്തിൽ ഭാഷയെ ചുരുക്കേണ്ടിവന്നതിനാൽ സൂത്രരൂപത്തിലാക്കപ്പെട്ട ഗ്രന്ഥങ്ങൾ വളരെയുണ്ടായി. അവയിൽ പലതും പലപ്പോഴായി നശിച്ചുപോയിട്ടുണ്ട്. ശേഷിച്ച ഗ്രന്ഥങ്ങളെ മാത്രം വെച്ചുംകൊണ്ട് ഒരു പൌരസ്ത്യശാസ്ത്രകാരനു പാശ്ചാത്യവിദ്യാസമ്പന്നരെ സംഗതികൾ മനസ്സിലാക്കുക വിഷമമാകുന്നു.

ആയുൎവ്വേദം, ഹേതു, ലിംഗം, ഔഷധങ്ങൾ (പ്രതിക്രിയ) എന്ന മൂന്നു വിഭാഗങ്ങളോടുകൂടിയതാണ്. ഇതിൽ "ലിംഗം" ഇന്ദ്രിയഗോചരമായ ജ്ഞാനമാകയാൽ മതാന്തരംകൊണ്ടു വലിയ ഭേദം വരുന്നതല്ല. ഹേതുപദം വെറും കാരണത്തെയല്ല കുറിക്കുന്നുള്ളൂ; ഇന്ദ്രിയഗോചരങ്ങളായ ലിംഗങ്ങളുടെ ഉല്പത്തി എങ്ങിനെ സംഭവിക്കുമെന്നുള്ള അനുമാനങ്ങളും അതിൽ ഉൾപ്പെടുന്നു. പ്രതിക്രിയയിൽ ഔഷധങ്ങൾ രോഗത്തെ ജയിക്കുന്നതെങ്ങിനെ എന്നുള്ള കാൎയ്യങ്ങളും ശസ്ത്രാദിസാധനങ്ങളും ഉൾപ്പെടുന്നു.

ശരീരത്തിന്റെ സ്വാസ്ഥ്യാവസ്ഥയാകട്ടെ രോഗാവസ്ഥയാകട്ടെ ത്രിദോഷങ്ങളിൽനിന്നുണ്ടാകുന്നു എന്നാണ് ആയുൎവ്വേദത്തിന്റെ മൂലസിദ്ധാന്തം.

"വിസൎഗ്ഗാദാനവിക്ഷേപൈഃ
സോമസൂൎയ്യാനിലാ യഥാ
ധാരയന്തി ജഗദ്ദേഹം
കഫപിത്താനിലാസ്തഥാ."

ഇക്കാൎയ്യം പാശ്ചാത്യസിദ്ധാന്തിയെ മനസ്സിലാക്കാൻ വിഷമമുണ്ട്. എന്തെന്നാൽ അവ ചാക്ഷുഷപ്രത്യക്ഷങ്ങളല്ല, സൂക്ഷ്മഭൂതകാൎയ്യങ്ങളാകുന്നു. അതിനാൽ അവയെ അറിയുവാൻ സൂക്ഷ്മഭൂതവിജ്ഞാനത്തിലേയ്ക്കു കടക്കണം. പാശ്ചാത്യർ അതിനു തയ്യാറില്ല. തന്റെ ലാബർട്ടറിയിലെ പരമാണുപൎയ്യവേഷണയന്ത്രത്തിന്റെ പിടിയിൽ ഒതുങ്ങുന്ന പരീക്ഷണങ്ങൾക്കു വശംവദമാകുന്ന തത്വങ്ങളെ മാത്രമേ, അവർ വിശ്വസിക്കൂ എന്നു തോന്നുന്നു.

ഇവിടെ നമുക്കുള്ള സാങ്കേതികശബ്ദങ്ങളും പരിഭാഷകളും ഒരു പൌരസ്ത്യനെ പാശ്ചാത്യദൃഷ്ടിയിൽ നിസ്സാരനെന്നു തോന്നിക്കുന്നത് എങ്ങിനെയെന്നു നമുക്കു കാണാം. വാതപിത്തകഫങ്ങൾക്ക് യഥാക്രമം Wind, Bile, Phlegm, ഇങ്ങിനെ പരിഭാഷചെയ്യുന്നു എന്നു വിചാരിക്കുക. വിൻറ് (കാററ്) എന്നു പറഞ്ഞാൽ അതു, വാതം എന്നു ആയുൎവ്വേദജ്ഞൻ കുറിയ്ക്കുന്ന ലക്ഷ്യാൎത്ഥത്തിൽ ചെന്നുചേരുകയില്ലെന്നു നമുക്കറിയാം. പ്രസ്തുത രൌക്ഷ്യാദി ഗുണയുക്തമായ അതിന്റെ സ്വഭാവം ശരിക്കു ഗ്രഹിക്കുമ്പോൾ മാത്രമേ കാൎയ്യം മനസ്സിലാവൂ. അതുപോലെ മററു ദോഷങ്ങളെപ്പററിയും മനസ്സിലാക്കണം.

കാരണം; ഉപാദാനം, സഹകാരി, നിമിത്തം എന്നിങ്ങനെ മൂന്നായി തിരിച്ചിരിയ്ക്കുന്നു. രോഗത്തിന്റെ ഉപാദാനകാരണമാണ്

ത്രിദോഷങ്ങൾ. പാശ്ചാത്യവൈദ്യന്മാർ ഈ ഉപാദാനകാരണത്തെ പ്പററി അത്ര വകവയ്ക്കില്ല. അവർ പ്രധാനമായിട്ടുള്ളതു സഹകാരി കാരണവും നിമിത്തകാരണവുമാണ്. അവയിൽ പ്രധാനം നിമിത്ത കാരണമാണുതാനും. ഈ വ്യത്യാസത്താലാണ്, അവർ നമ്മുടെ ത്രി ദോഷതത്വം ഗ്രഹിക്കുവാൻ വിഷമമുണ്ടാകുന്നത്. അവരുടെ രോഗ ഹേതുക്കളായ അണുക്കളും മററും നമ്മുടെ നിമിത്തകാരണത്തിൽ നില കൊള്ളുന്നതേയുള്ളൂ.

ക്രിയാക്രമങ്ങളാണെങ്കിൽ, കേരളേതരഭാഗങ്ങളിൽ സുദുൎല്ലഭങ്ങ ളും മററു ചികിത്സാസമ്പ്രദായങ്ങളിൽ അജ്ഞാതങ്ങളുമായ നവരക്കിഴി, പിഴിച്ചിൽ, ധാര മുതലായവ കേരളത്തിൽ വളരെ ഫലപ്രദമായി നട ത്തിവരുന്നുണ്ട്. കൂടാതെ ഭാരതീയരുടെ ശരീരസ്ഥിതിക്കും ദേശസ്ഥി തിക്കും അധികം യോജിച്ചതു ഭാരത്തിലെ ഔഷധങ്ങളാണെന്നുള്ളതു പ്രത്യേകം ഓൎക്കണം. ജനിച്ച ദേശങ്ങളിൽനിന്നു മാറി താമസിക്കുന്ന വൎക്ക ജനിച്ച ദേശത്തുണ്ടാകുന്ന മരുന്നുകൾ കൂടുതൽ ഫലപ്രദമാണ്.

"ഉചിതോ യസ്യ യോ ദേശ-
സ്തജ്ജം തസ്യൗഷധം ഹിതം
ദേശേऽന്യത്രാപി വസത-
സ്തത്തുല്യഗുണജന്മ ച."

(അ. സം. സൂ 23 അദ്ധ്യായം.)

ആയുൎവ്വേദത്തെ ദൃഢമൂലമായി പോഷിപ്പിക്കുകയും, ഇന്നു കാ ണുന്ന കുറവുകളെ കാലാനുസൃതമായി പരിഹരിക്കുകയും, ഇതരവൈദ്യ സമ്പ്രദായങ്ങളിൽനിന്ന് ആയുൎവ്വേദതത്വങ്ങൾക്കു ദോഷം വരാത്തവിധ ത്തിൽ സ്വീകരിക്കാവുന്നവയെ ചേൎത്തു ഭംഗിയാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു. ഈ പരിഷ്കാരം ആയുൎവ്വേദത്തിൻെറ വ്യക്തിപര മായ തത്വത്തെ നശിപ്പിക്കുന്നതോ അന്യഥാകരിയ്ക്കുന്നതോ ആയിരി ക്കരുതെന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

കാലദേശാവസ്ഥകൾക്കും ജനസമുദായത്തിൻെറ അഭിരുചിക്കും ആവശ്യമെന്നു കാണുന്ന പരിഷ്കാരങ്ങൾ അന്യവൈദ്യസമ്പ്രദായങ്ങ ളിൽനന്നു പകൎത്തിയിട്ടായാലും സ്വീകരിയ്ക്കുകതന്നെയാണു വേണ്ടതു്

"ഏകം ശാസ്ത്രമധീയാനോ
ന വിദ്യാച്ഛാസ്ത്രനിശ്ചയം;
തസ്മാദ് ബഹു ശ്രുതഃ ശാസ്ത്രം
വിജാനീയാദ്ചികിത്സകഃ."

എന്ന മഹദ്വചനപ്രകാരം വൈദ്യൻ പല ചികിത്സാശാസ്ത്രങ്ങളിലും പരിചയിച്ചിരിയ്ക്കണമെന്നു കാണാം. ആവക പരിജ്ഞാനങ്ങൾ ആയുർവ്വേദമൂലതത്വഗ്രാഹിയായ ഒരു വൈദ്യപണ്ഡിതനു തൻെറ ജ്ഞാനത്തെ വികസിപ്പിക്കുവാൻ ഉപകരണങ്ങളായിരിക്കുകയേ ഉള്ളൂ.

## സിദ്ധവൈദ്യം ആര്യവൈദ്യത്തിൽനിന്നു അന്യമല്ല.

ചരകം, സുശ്രുതം, അഷ്ടാംഗഹൃദയം മുതലായ ആയുർവ്വേദഗ്രന്ഥങ്ങളിൽ സർവ്വസാധാരണമായി ഔഷധത്വേന പ്രതിപാദിച്ചിട്ടുള്ള ദശമൂലാദി വിശിഷ്ടമൂലികകൾ സുലഭമല്ലാത്ത പാണ്ടിനാട്ടുകളിൽ രോഗശാന്തിക്കുവേണ്ടി അഗസ്ത്യർ, ഭോഗർ മുതലായ സിദ്ധന്മാർ ആ ദേശങ്ങളിൽ കിട്ടാൻ സൌകര്യമുള്ള മൂലികകളേയും ധാതുദ്രവ്യങ്ങളേയും ഔഷധത്വേന സ്വീകരിച്ച് ആയുർവ്വേദതത്വങ്ങളിൽ അടിയുറപ്പിച്ചു തമിഴഭാഷയിൽ രചിച്ചിട്ടുള്ള വൈദ്യത്തെയാണ് ഇന്നു് സിദ്ധവൈദ്യമെന്നു പറയുന്നതു്. ധാതുദ്രവ്യങ്ങളെ യഥാവിധി പാകംചെയ്തു ദോഷരഹിതവും രോഗശമനസമർത്ഥവുമാക്കിത്തീർത്ത് അത്ഭുതകരമായ ഫലം പ്രദർശിപ്പിച്ചിരുന്ന ആ ഋഷിപരമ്പര ആയുർവ്വേദതത്വങ്ങളെ വിട്ടു യാതൊന്നും ചെയ്തിട്ടില്ല. പക്ഷെ ആ വിദ്യകളും ഫലസിദ്ധിയുള്ള പ്രയോഗങ്ങളും ഇനി നമുക്ക് ഒരിയ്ക്കലും കിട്ടാത്തവിധം നഷ്ടമായിരിയ്ക്കുന്നു. എന്നാൽ വിശിഷ്ടഫലം തരുമെന്നുൽശ്ലാഘിക്കപ്പെട്ടുന്ന പല ഔഷധങ്ങളെപ്പററിയും ഗ്രന്ഥങ്ങളിൽ പറഞ്ഞുകാണുന്നു. ആ ഫലശ്രുതിയ്ക്കു പററിയ പ്രയോഗങ്ങൾ (ഔഷധങ്ങൾ) മാത്രമേ ഇല്ലാതെയുള്ളൂ. ഉദാഹരണമായി,

"മൂർഛിതഃ ഹരതി രുജം
ബന്ധനമനുഭൂയ മുക്തിദോ ഭവതി
അമരീ കരോതി ച മൃതം
കോ$\!/$ന്യഃ കരുണാകരഃ സൂതാൽ."

എന്നു വർണ്ണിയ്ക്കപ്പെട്ട രസത്തിൻെറ ഗുണവിശേഷങ്ങൾ നോക്കുക. ആ ഫലം കിട്ടത്തക്കവണ്ണം പാകംചെയ്യേണ്ട വിധികളോ അതറിഞ്ഞവരോ ഇപ്പോൾ ഇല്ലെന്നേ ഒരു കുറവുള്ളൂ. ഇപ്പോൾ ലഭിച്ചിട്ടുള്ള വിധികളും പ്രയോഗങ്ങളും പര്യാപ്തങ്ങളാണെന്നു വാദിയ്ക്കാമോ എന്നു സംശയമാണ്.

"അസാദ്ധ്യോ യോ ഭവേദ്രോഗോ
യസ്യ നാസ്തി ചികിത്സിതം
രസേന്ദ്രോഹന്തി തം രോഗം
നരകുഞ്ജരവാജിനാം."

എന്നീ ഗുണങ്ങളെല്ലാം ലഭിയ്ക്കത്തക്കവിധം ദോഷങ്ങളെ നീക്കാൻ കഴിയുന്ന വിധികൾ സുലഭമാണെങ്കിൽ, രസം മാത്രം ശരിയ്ക്കു തയ്യാർചെയ്തു സൂക്ഷിച്ചാൽ മതിയല്ലോ.

"അല്പമാത്രോപയോഗിത്വാ-
ദരുചേരപ്രസംഗതഃ
ക്ഷിപ്രമാരോഗ്യദായിത്വാ-
ദ്ഭേഷജേഭ്യോധികോ രസഃ."

എന്നുള്ള ഗുണങ്ങളും നമുക്കു ഹൃദ്യമായിത്തോന്നുന്നവയാണ്. എന്തു ചെയ്യാം, നിർദ്ദോഷമായി അതു കിട്ടുകയില്ലല്ലോ.

സിദ്ധവൈദ്യം എന്ന പേർ സിദ്ധന്മാരുടെ കണ്ടുപിടുത്തമായതുകൊണ്ടാണെങ്കിൽ, ആയുൎവ്വേദകർത്താക്കളായ ആത്രേയാദികളെപ്പററിയും ആ അവകാശം തീൎച്ചയായും പറയാം. അവർ സിദ്ധന്മാരല്ലായിരുന്നു എന്നു സ്മരിപ്പാനേ കഴിവില്ല.

"സിദ്ധവൈദ്യം ദ്വിധാ പ്രോക്തം
മയാ പൎവ്വതനന്ദിനീ,
പ്രാണായാമഞ്ച കല്പഞ്ച
ദേഹിനാം ദേഹസിദ്ധയേ." എന്നും,

"രസേന കഥിതോ ദൈവോ
മാനുഷോ മൂലകാദിഭിഃ
അധമഃ ശസ്ത്രദാഹാഭ്യാം
സിദ്ധവൈദ്യസ്തു മാന്ത്രികഃ."

എന്നും പറഞ്ഞു കാണുന്നു. ഇപ്പോൾ പ്രചാരത്തിലിരിയ്ക്കുന്ന സിദ്ധവൈദ്യശബ്ദത്തിനു യോജിയ്ക്കുന്ന അൎത്ഥം എന്താണെന്നു വ്യക്തമാകുന്നില്ല.

ധാതുദ്രവ്യങ്ങളുടെ അത്ഭുതകരമായ പ്രയോഗങ്ങളെ പുനരുജ്ജീവിപ്പിച്ചു ഫലസിദ്ധി വരുത്തുവാൻ ആയുൎവ്വേദാഭിമാനികളായ സകല വൈദ്യന്മാരും (സിദ്ധവൈദ്യന്മാരുൾപ്പെടെ) ആലോചിച്ചു കഴിവുള്ളതുപോലെ പ്രയത്നിച്ചു ആയുൎവ്വേദചികിത്സാസമ്പ്രദായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

ധന്വന്തരിദാസ് സി. എൻ. നാരായണൻ മൂസ്സ്,
ആണററി ആയുൎവ്വേദഡയറക്ടർ, തിരുവനന്തപുരം.

## പുത്രബാഷ്പം.

—*—

എന്നമ്മതന്നാത്മാവു പരമാത്മാവിൽച്ചേർന്നു,
തെന്നലിലൊരുമട്ടമലരിൻ മണംപോലെ.
ദേഹമോ, ചിതാഗ്നിയാൽ ഭസ്മസാത്കൃതമായി,
ഹാ ഹന്ത! ഹരേ! കൃഷ്ണ! മുകുന്ദ! വിശ്വംഭര!!
ചാരിത്ര ചരിത്രത്തിൽ, കർണ്ണപീയൂഷ ജയ-
ഭേരിനിർഘോഷം പൊങ്ങുമദ്ധ്യായം കഴിഞ്ഞുപോയ്;
ധർമ്മദേവതയുടെ ദൂരതോ വിസാരിയാം
നർമ്മസല്ലാപം മർമ്മഭേദിയാം വിലാപമായ്;
കാരുണ്യ കളിന്ദജ, വാത്സല്യഗംഗാംബുവായ്-
ച്ചേരുമാ പ്രയാഗ, നിർദ്ദാക്ഷിണ്യം നിർദ്ധൂതമായ്;
സാധിക്കാ ചന്ദ്രാർക്കർക്കകററാ,നമ്മട്ടിരുൾ
ബാധിച്ചതായി ഹാ! മേ മനവും സദനവും
ജീവിതസായാഹ്നത്തിൽ, സന്ന്യാസാശ്രമം പുക്കാൾ
കാവിമുണ്ടുടുക്കാതെ, കമണ്ഡലുവെടുക്കാതെ,
മജ്ജനയിത്രി, നിത്യ നിർവ്വാണപാരാവാര-
മജ്ജനക്ഷണത്തിന്നു സജ്ജയായ്ത്തീർന്നീടിനാൾ.
അന്തിച്ചോപ്പല്പാല്പമായ് മറഞ്ഞു തുടങ്ങുമ്പോ-
ളന്തിമയാത്രാവചസ്സോതിനാൾ മമാംബിക.
ഉത്തരായണസൂതനീതപുഷ്പത്തേരഥ-
മദ്ധ്യാരോഹണംചെയ്താൾ, വൈകുണ്ഠമേറീടിനാൾ.
സൽക്കുലത്തിങ്കൽ പിറന്നീടിനാൾ മഹാഭാഗ,
നൽക്കുവലയംതെളിഞ്ഞുള്ള പൊയ്കയിൽപ്പോലെ;
വളർന്നാൾ ജനമനോല്ലാസിനിയുല്ലാഘയായ്,
വളക്ഷപക്ഷത്തിലെ വാർതിങ്കൾക്കലപോലെ;
അദ്വിതീയയായ് ദ്വിതീയാശ്രമമാണ്ടീടിനാൾ,
പ്രത്യൂഷസ്സന്ധ്യ പൂർവ്വദിൿചക്രവാളംപോലെ;
മറഞ്ഞാൾ മനസ്വിനി ലോകദൃഷ്ടിയിൽനിന്നും,
സ്ഥരത്കാഞ്ചനചാരു ചഞ്ചലാലതപോലെ;
ഇന്നാലു പുത്രന്മാർക്കു ജീവിതം കനക്കുമ്പോൾ,
ഹന്നാളം താപംകൊണ്ടു വരണ്ടുവിണ്ടീടുമ്പോൾ,
ഉണ്മയില്ലുയിർനല്കാനുണ്ടൊരുത്തമമന്ത്രം,
'അമ്മ'യെന്നുള്ള ലിപിദ്വയിക്കു പരതന്ത്രം.

തത്തമംഗലം എം നടേശമേനോൻ, ബി. ഏ., എൽ. ടി.

ചരമം.

## മഹാമഹിമശ്രീ
## വലിയമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്.

ഗോശ്രീശവംശത്തിലെ ഭാഗ്യലക്ഷ്മിയായി വാണരുളിയ—1035—ാമാണ്ടിൽ തിരുവവതാരംചെയ്തരുളിയ കുഞ്ഞിക്കാവ് എന്ന് തിരുനാമമായ മ. മ. മഹിമശ്രീ വലിയമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് 82-ാമത്തെ തിരുവയസ്സിൽ ഈ രാജ്യത്തിലെ പൗരാവലികളെല്ലാം ദുഃഖസാഗരത്തിൽ നിമഗ്നരാകുമാറ് ഇഹലോകവാസംവെടിഞ്ഞ വിവരം ഞങ്ങൾ സവ്യസനം പ്രസ്താവിച്ചുകൊള്ളുന്നു. ഒരു തികഞ്ഞ പണ്ഡിതയായിരുന്ന അവിടുന്ന്, ആത്രേയി അനസൂയ അരുന്ധതി മുതലായ പുരാണപുണ്യവതികളെപ്പോലെ മഹാ പണ്ഡിതയും ചാരിത്രവതിയും തപസ്വിനിയും ആയിരുന്നു. കുട്ടിക്കാലം മുതല്ക്കേ ഉദാരശീലയായ അവിടുന്നു പ്രതിദിനം (പ്രത്യേകിച്ചു പുണ്യകാലങ്ങളിൽ) ചെയ്യുന്ന ദാനങ്ങൾക്ക് അതിരില്ലായിരുന്നു. സംസ്കൃതഭാഷയിൽ അനന്യസാധാരണമായ പാണ്ഡിത്യം സമ്പാദിച്ച അവിടുന്നു ലോകത്തിലുള്ള സ്ത്രീജനങ്ങൾക്കാകമാനം ഒരു മാതൃകാവനിതയായിരുന്നു. "ഈശ്വരൻതന്നെ സത്യം—സത്യം തന്നെ ഈശ്വരൻ" എന്ന മഹദ്വചനപ്രകാരം കുട്ടിക്കാലം മുതല്ക്കേ അവിടുന്ന് ഈശ്വരഭക്തയും സത്യവതിയും ആയിത്തീർന്നു. തിരുമനസ്സുകൊണ്ടു് സ്വഭർത്താവിനെ ദൈവമെന്നപോലെ കരുതി.—ഭർത്താവ് രോഗഗ്രസ്തനായിരുന്നതിനാൽ അധികകാലം ഭർതൃസൌഖ്യമനുഭവിക്കാനിടയായില്ല. ഭർതൃവിയോഗാനന്തരം അവിടുന്ന് നിരാഡംബരയായി തന്റെ സ്വതസ്സിദ്ധമായ തപസ്സിനെ ഒന്നുകൂടി ദൃഢപ്പെടുത്തി.

സർവ്വകലാവല്ലഭനായിരുന്ന സ്ഥാനത്യാഗംചെയ്തു വിശ്രമമരുളിയ രാജർഷിതിരുമനസ്സിലെപ്പറ്റി അവിടുത്തേക്കുള്ള ബഹുമാനം സീമാതീതമായിരുന്നു. അവിടുത്തെ സ്മാരകമായി ഞങ്ങൾ നടത്തുന്ന ഈ "രാജർഷി"മാസിക അവിടുന്നു വാങ്ങി വായിക്കാറുണ്ടു്. തന്റെ രാജകുടുംബത്തിലുള്ള പെൺവഴിത്തമ്പുരാക്കന്മാർക്കെല്ലാം ക്ഷേമമുണ്ടാകുവാനവിടുന്ന് അനവരതം ശ്രമിച്ചുവന്നു തന്മൂലം രാജകുടുംബം വളരെ അഭിവൃദ്ധിയിൽപ്പെട്ടു ദിവംഗതനായ ധാർമ്മികചക്രവർത്തി തിരുമനസ്സുകൊണ്ടു് വിദേശയാത്രക്കുപോകുമ്പോൾ ആദ്യമായി ഈ മഹാതപസ്വിനിയെ കണ്ടു് വന്ദിച്ചാണു് എഴുന്നെള്ളാറുള്ളതു്.

ഇങ്ങനെ എല്ലാം വിധത്തിലും അഭിവന്ദ്യയായ തിരുമനസ്സുകൊണ്ടു് വേനല്ക്കാലം വിശ്രമത്തിനായി തൃശ്ശൂർ കാനാട്ടുകര പാലസ്സിൽ എഴുന്നള്ളിത്താമസിക്കയായിരുന്നു. അവിചാരിതമായി ശീലായ്മ അവിടുത്തെ ബാധിക്കയും അങ്ങിനെയിരിക്കെ ഈ മാസം (ഇടവം) 16-ാംനു കാലത്തു് 10-58നു് സർവ്വം ശ്രീപൂർണ്ണത്രയീശനിൽ ഭരമേല്പിച്ചുകൊണ്ടു് ഉത്തരായനകാലം വെളുത്ത ചതുർദ്ദശി തുടങ്ങിയപുണ്യകാലത്തു ശ്രീവിഷ്ണുനാമജപത്തോടുകൂടി അവിടുന്നു് ദിവംഗതയായി. ദേഹവിയോഗത്തിനുള്ള സമയം അവിടുന്നു് മുൻകൂട്ടി അറിഞ്ഞു അരുളിച്ചെയ്തിരുന്നതിനാൽ തന്റെ കുടുംബാംഗങ്ങളെല്ലാവരും അവിടുത്തെ അടുക്കലുണ്ടായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. ദിവ്യനായ രാജർഷിതിരുമനസ്സിലെ പുണ്യാശ്രമമായ കാനാട്ടുകര കോവിലകത്തു് അവിടുത്തെ മൃതശരീരം പള്ളിയടക്കംചെയ്ത സ്ഥലത്തിനു് കിഴക്കുവശം ഈ തപസ്വിനിയുടെ ശരീരത്തേയും സംസ്കരിക്കപ്പെട്ടു. സർവ്വഗുണസമ്പൂർണ്ണയും പുണ്യവതിയുമായ തിരുമനസ്സിലെ ആത്മാവിനു് സർവ്വശക്തൻ നിത്യശാന്തിയരുളുമാറാകട്ടെ! അവിടുത്തെ അനുഗ്രഹം രാജകുടുംബത്തിനും ജനങ്ങൾക്കും അരുളുമാറാകട്ടെ!

## കിഞ്ചനവിശിഷ്ടം ചരമപദ്യത്രയം.

മാതേവാഖിലജീവിനാം ഹിതകരീ വിജ്ഞാനസന്ദായിനീ
നൃണാം സൽഗുരുവൽ സുരദ്രുമലതേവാഭീഷ്ടദൈവാത്ഥിനാം
'കുഞ്ഞിക്കാവി'തി വിശ്രുതാഢ്യമഹതീ സാ മാടരാജ്ഞീ, രസാൽ
ഭൂവാസം ത്യജതി സ്മ പുണ്യചരിതദ്വാശീതി വഷാഞ്ചിതാ ॥ 1

അക്ക്സ്യായന ഉത്തരേത്ര വിശദേ പക്ഷേ വൃഷേ മാന്യഹോ
വിശാഖാഖ്യ ചതുദ്ദശീ ഗുണയുതേ വൈശാഖയോഗാഞ്ചിതേ
മദ്ധ്യാഹ്നാദി മുഹൂത്ത ഉത്തമയശാസ്സൌഖ്യം *കൃപാവഷ്ണൈ-
ർഭൂയോപ്യാത്തിഹരൈസ്സതാം വിദധതീ ഷ്വേഷാ വിമുക്തിം വ്യധാൽ ॥ 2

പുത്രാദ്യൈഃ പുണ്യകൃത്യേഷ്വവിരതനിരതൈഘോഷിതേ വിഷ്ണുനാമ-
ന്യുച്ചൈർഭൂയോപി ദാനപ്രമുദിതഹൃദയൈർഭൂസുരേന്ദ്രൈഃ പ്രയുക്തേ-
ആശീവ്വാദേ വിശേഷാച്ചരണസരസിജം വൈഷ്ണവം തൽസ്മരന്തീ
തത്രാഗാന്നിത്യസക്തിം നിജതനുമിഹ സന്ത്യജ്യ ന സ്സ്വാമിനീ സാ ॥ 3

ഇതി സാഹിത്യനിപുണഃ 'കഞ്ഞ'ാപരനാമാ രുദ്രദാസഃ ॥

* 1117-ാം കൊല്ലം.

"ലോകം നശ്വരമീനിലക്കിവിടെ ഞാൻ ജീവിച്ചിരുന്നാലെനി-
ക്കാകക്കൂടി ഞെരുക്കമാണു; ഭയദം സംസാരവാരാകരം
ശോകം തീരുകയില്ല ഹന്ത! ഗതി മേ പൂണ്ണത്രയീശൻ കനി-
ഞ്ഞേകട്ടേ കരുണാകരൻ മുരഹരൻ ഭക്തക്കു ഭവ്യപ്രദൻ 1

ശ്രീമംഗല്യനിധാനമത്ഭുതകരം സച്ചിന്മയം ഭക്തരിൽ-
ക്ഷേമം ചേപ്പൊരു രൂപമേവമുടനേ ധ്യാനിച്ചിരിയ്ക്കും വിധൌ
കേമന്മാർ മുരവൈരിഭൃത്യരരികേ വന്നെത്തി "കേറാം കനി-
ഞ്ഞീ"മട്ടോതി; വിമാനമാഗ്ഗമഭയം വൈകുണ്ഠമെത്തിച്ചു തേ 2

ഗുണങ്ങൾ വന്നാൽത്തെളിയാഞ്ഞ; ദോഷ-
ഗണങ്ങളിൽത്തെല്ലിളകാഞ്ഞു;യേവം
കിണഞ്ഞു സംസാരമശേഷമാററി-
യണഞ്ഞു വൈകുണ്ഠമകുണ്ഠസത്വം. 3

നൂററിപ്പതിനേഴിടവം
പാററിച്ചൂ; ഭാഗ്യശാലി വിണ്ണേറി
അയ്യയ്യോ! പതിനാറാ-
ന്തിയ്യതി പകൽ പത്തിനെന്തുചെയ്യേണ്ടു. 4

നടുവത്തു ശങ്കരൻ നമ്പൂതിരി.

# ഒരു യഥാൎത്ഥ യതീന്ദ്രൻ.

(സ്മരണ)

ഇന്നലെയെന്നപോലെ തോന്നുന്നു; 1103 മകരത്തിലോ, കുംഭത്തിലോ ആണ്. കിഴക്കമ്പാട്ടുകരെയുള്ള അഷ്ടവൈദ്യൻ പഴനെല്ലിപ്പുറത്തു തയ്യൂർ വാസുദേവൻ മൂസ്സ് (ചെറിയ ഉണ്ണിമൂസ്സ്) ദിവംഗതനായതിന്റെ ശേഷം ആ ഇല്ലത്തെ അന്തർജ്ജനങ്ങളേയും പരേതന്റെ പത്നിയേയും കുട്ടിയേയും സമാശ്വസിപ്പിച്ച് അവിടെ ഭരണം നടത്തുവാനായി അഷ്ടവൈദ്യാഗ്രേസരനായ വയസ്കര ആര്യൻ മൂസ്സവർകളാണ് അന്നവിടെ സന്നദ്ധനായത്. ഇദ്ദേഹം പരേതന്റെ അമ്മാവനാണ്. ഈ വയസ്കര മൂസ്സിന്റെ അന്തേവാസികളായി ഇ. കൃഷ്ണൻ നമ്പിടിയും ഞാനും അന്ന് അവിടെ ഉണ്ടായിരുന്നു. തൈക്കാട്ടില്ലത്തു ഒരു വൈദ്യശാല തുടങ്ങണമെന്നുള്ള പരേതന്റെ ആഗ്രഹത്തെ നിറവേററുവാനും 'വൈദ്യസാരഥി' എന്നൊരു മാസിക തുടങ്ങുവാനും ആയി ഞങ്ങൾ ഒരു പണപ്പിരിവു നടത്തുവാൻ ആദ്യമായി തീർച്ചപ്പെടുത്തി. ശ്രീമാന്മാരായ എൻ. കെ. ഈശ്വരനാശാൻ, വെള്ളാനി നമ്പൂതിരി മുതലായ പലരും സംഭാവനകൾ തന്നതിന്റെ ഫലമായി വൈദ്യശാലയുടെ പ്രാരംഭച്ചടങ്ങുകൾ നിർവ്വഹിച്ചു. എന്നാൽ പണത്തിന്റെ കുറവുമൂലം അതു പൂർത്തിയാക്കുവാൻ ഞങ്ങൾക്കു സാധിച്ചില്ല

വിശ്വവിശ്രുതനും ക്രൈസ്തവസമുദായനേതാവും വിശാലാശയനും ഉദാരമതിയും ആയ ദിവ്യശ്രീ ബഹു: വാഴപ്പള്ളി മെത്രാനച്ചൻ അവർകളുടെ സന്നിധിയെ അവലംബിക്കാമെന്നാണ് പിന്നീട് ഞങ്ങൾ തീർച്ചയാക്കിയത്. അതിനുള്ള സമയം മുൻകൂട്ടി എഴുതി അയക്കയും ബഹു: സിക്രട്ടറി അവർകളിൽനിന്ന് ഹാജരാകുവാൻ നിശ്ചിതസമയം കുറിച്ചു ഒരു കത്തു കിട്ടുകയും ചെയ്തു. അന്നത്തെ സിക്രട്ടറി മഹാനുഭാവനായ റവ ഫാദർ മാത്യു എടക്കളത്തൂർ അവർകളായിരുന്നു. ബഹുമാനപ്പെട്ട ദിവ്യശ്രീ വാഴപ്പള്ളി മെത്രാനച്ചൻ അവർകളുടെ സന്നിധിയിലേക്ക് മൂസ്സും ഞാനും നമ്പിടിയും കൂടി പുറപ്പെട്ടു. ഞങ്ങളുടെ വരവിനെ പ്രതീക്ഷിച്ചിരിക്കയാണോ എന്നു തോന്നുമാറു ആ പുണ്യാത്മാവായ യതീന്ദ്രൻ, ഞങ്ങൾ ആ മാളികച്ചുവട്ടിലെത്തിയപ്പോഴേക്കും ഞങ്ങളെ ഒട്ടും താമസിപ്പിക്കാതെ അദ്ദേഹം സ്ഥിതിചെയ്യുന്ന മാളികമുകളിലേക്ക് ചെല്ലുവാനാജ്ഞാപിച്ചു. ഞങ്ങൾ മൂന്നുപേരും കൂടി അദ്ദേഹത്തിന്റെ മുമ്പിൽ പ്രവേശിച്ചപ്പോൾ ഞങ്ങൾക്കുണ്ടായ സന്തോഷസമാധാനങ്ങൾ സീമാതീതങ്ങളായിരുന്നു.

വിശാലഫാലസ്ഥലമുജ്ജ്വലേക്ഷണം
കൃശാഭിരാമാംഗ,മുയൎന്ന നാസയും
പ്രശാന്തഗംഭീരതയാൎന്ന ഭാവവും
ശശാങ്കധാമോപമിതസ്മിതാഭയും

ഗ്രഹിക്കുവാൻ തീക്ഷ്ണതപൂണ്ട ബുദ്ധിയും
വിധിക്കുവാൻ സൂക്ഷ്മതമം വിവേകവും
രസിക്കുവാൻ ഭാവവിശിഷ്ടചിത്തവും
തികഞ്ഞൊരീ സാത്വികസത്തമോത്തമൻ.

എന്നിങ്ങനെ ആ പുണ്യശ്ലോകന്റെ ഗുണഗണങ്ങളെ പ്രകീൎത്തിച്ചുകൊണ്ട് ഒരു യുവകവി പാടിയ ഛായാപദ്യങ്ങൾ തികച്ചും അന്വൎത്ഥമാണെന്ന് ഞങ്ങൾക്കു തോന്നി. എന്നാൽ അദ്ദേഹത്തെ അടുത്തു പരിചയിച്ചിട്ടുള്ള ആൎക്കും അതു ബോധപ്പെടുന്നതുമാണ്. ഞങ്ങളെ കണ്ട ഉടനെ അദ്ദേഹം യഥാവിധി ഇരിക്കുവാനാജ്ഞാപിക്കുകയും മൂസ്സവർകൾ സജ്ജമാക്കിയിരുന്ന കസാലയിൽ ഇരിക്കുകയും ചെയ്തു. തയ്യൂർ മൂസ്സിന്റെ ചരമത്തെപ്പററിയാണ് ആ യതിവൎയ്യൻ അപ്പോൾ പറഞ്ഞുതുടങ്ങിയത്. പരേതന്റെ സ്വഭാവവൈശിഷ്ട്യത്തേയും ചികിത്സയിലുള്ള പാടവത്തേയും മററും അദ്ദേഹം അനുസ്മരിച്ച് പറയുകയും അതിന്റെ ശേഷം തൈക്കാട്ടില്ലത്തെ സ്ഥിതിഗതികളെപ്പററിയും

മററും സംസാരിക്കയും ചെയ്തതിൻെറ ശേഷം വൈദ്യശാലയുടെ ആവശ്യത്തിലേക്ക 30 ക. അദ്ദേഹം സംഭാവനയായി സിക്രട്ടറിവഴി നൽകുകയും ചെയ്തു ആ യഥാൎത്ഥ യതീന്ദ്രൻെറ പൊരുത്തമുള്ള കൈകൾകൊണ്ടു് ചൊരിഞ്ഞ സംഭാവനയാണു് ഞങ്ങൾ ആദ്യമായി ഔഷധനിൎമ്മാണത്തിനുപയോഗിച്ചതു്. ഇന്നും ആ വൈദ്യശാല ശ്രീനാരായണ ആയുൎവ്വേദ ഔഷധശാലയായി അഭിവൃദ്ധി പ്രാപിച്ചുവരുന്നു.

റൈററ് റവ: ഡാക്ടർ ഫ്രാൻസീസ് വാഴപ്പള്ളിമെത്രാനച്ചൻ അവർകൾ സംഗീതത്തിലും സാഹിത്യത്തിലും നിറഞ്ഞ കുടമാണു്. നിറഞ്ഞ കുടം തുളുമ്പാറില്ലല്ലൊ. ഐശ്വൎയ്യലക്ഷ്മി അദ്ദേഹത്തിൽ നിവസിക്കുന്നു. ഈശ്വരഭക്തി, സത്യം, കൃത്യനിഷ്ഠ, ഔദാൎയ്യം, സമഭാവന മുതലായ ഉത്തമഗുണങ്ങൾ ആ മഹാനുഭാവനുണ്ടു്. വിശ്വവിശ്രുതമായ കത്തോലിക്ക സത്യസഭയുടെ നേതാവായ അദ്ദേഹം പല പ്രാവശ്യവും റോമിൽ പോവുകയും പതിനൊന്നാം പീയൂസ മാർപ്പാപ്പാ തിരുമനസ്സിലെ കണ്ടു് വന്ദിക്കയും വേണ്ടപ്പെട്ട ഉപദേശങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ടു്. ഇന്നുള്ള ശമധനരായ യതീന്ദ്രന്മാരിൽ ഇദ്ദേഹം അദ്വിതീയനാണു്. ഭരണകാൎയ്യങ്ങളിൽ ഇത്ര പാടവം സിദ്ധിച്ച വൈദികന്മാർ ഉണ്ടോ എന്നു സംശയമാണു്. സ്വഭാഷ കൂടാതെ ഇദ്ദേഹം ഇംഗ്ലീഷ്, ലാററിൻ, ഗ്രീക്കു്, സംസ്കൃതം മുതലായ വിവിധഭാഷകളിലും അനന്യസാധാരണമായ ജ്ഞാനം സമ്പാദിച്ച ഒരു തികഞ്ഞ സാഹിത്യരസികനായിരുന്നു സംഗീതത്തിൽ ശാസ്ത്രീയമായ ജ്ഞാനം ഇദ്ദേഹത്തിനുണ്ടു്. ഒരു നല്ല പ്രാസംഗികനുമാണിദ്ദേഹം ഞങ്ങളുടെ രാജഷിമാസിക പ്രഥമലക്കം മുതൽ അദ്ദേഹം വാങ്ങുകയും വായിച്ചുരസിക്കുകയും ചെയ്തിരുന്നു. ഇക്കാൎയ്യങ്ങൾകൊണ്ടുതന്നെ ഭാഷാസാഹിത്യത്തോടു് അദ്ദേഹത്തിനുള്ള പ്രതിപത്തിയും ബഹുമാനവും പ്രസ്പഷ്ടമാണല്ലൊ. ഇദ്ദേഹം അനേകം പത്രങ്ങളും മാസികകളും വരുത്തി വായിച്ചിരുന്നു. സംഭാവനവകയായും ഇദ്ദേഹം നിരവധി പണം ചെലവാക്കിയിരുന്നു.

ഈ പുണ്യാത്മാവിൻെറ കീഴിൽ 213738 കത്തോലിക്കർ ഉണ്ടെന്നാണറിയുന്നതു്. കൂടാതെ ഇദ്ദേഹത്തിൻെറ കീഴിൽ അനവധി സ്ഥാപനങ്ങളുമുണ്ടു്. വിദ്യാഭ്യാസപരമായി ഒരു ഇംഗ്ലീഷ് കോളേജും ഒരു സംസ്കൃതകോളേജും രണ്ടു ട്രയിനിങ്ങ് സ്കൂളുകളും പത്തു് ഹൈസ്കൂളുകളും 27 ലോവർ സെക്കണ്ടറി സ്കൂളുകളും പത്തു് ഇംഗ്ലീഷ് പ്രൈമറിസ്കൂളുകളും നൂററിഒന്നു് മലയാളം പ്രൈമറി സ്കൂളുകളും എട്ടു കരകൌശലശാലകളും ഇദ്ദേഹത്തിൻെറ നേതൃത്വത്തിലുണ്ടെന്നു് കേൾക്കുമ്പോൾ ആരാണു് അത്ഭുതപ്പെടാത്തതു്.

ഈ മഹാനുഭാവൻ "1878 മേയ് 18-ാംനു- ജനിച്ചു, 1906 ഡിസമ്പർ 22-ാംനു- ഗുരുപ്പട്ടമേല്ക്കുകയും 1921 ഏപ്രിൽ 5-ാംനു- ഫിലാഡൽഫിയായുടെ മെത്രാനും തൃശ്ശിവപേരൂർ വികാരി അപ്പോസ്തോലിക്കയുമായി തെരഞ്ഞെടുക്കപ്പെടുകയും ജൂലായി 6-ാംനു- തൃശ്ശൂർ ലൂൎദ്ദ് ഭദ്രാസനദേവാലയത്തിൽവെച്ചു ഡെലഗാദപ്പസ്തോലിക്ക അതിവന്ദ്യ ദിവ്യശ്രീ മോൺ പീററർ പീസാനി തിരുമേനിയാൽ മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും അന്നുതന്നെ വികാരിയത്തിൻെറ ഭരണം ആരംഭിക്കുകയും ചെയ്തു. 1923 ഡിസമ്പർ 21-ാംനു- തൃശ്ശിവപേരൂർ മിസ്സം ഒരു രൂപതയായി ഉയൎത്തപ്പെട്ടപ്പോൾ അദ്ദേഹം അതിൻെറ പ്രഥമമെത്രാനായിത്തീൎന്നു."

ഇങ്ങനെ സൎവ്വഗുണസമ്പൂൎണ്ണനായ ഒരു യഥാൎത്ഥ യതീന്ദ്രൻ അവിചാരിതമായ കാറപകടംമൂലം ഇക്കഴിഞ്ഞ മേടം 29-ാംനു- കാലത്തു് 7 മണിക്കു് ദിവംഗതനായി എന്നുള്ള വിവരം കേട്ടതിൽ ഞങ്ങൾക്കുള്ള നിസ്സീമമായ സങ്കടത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. "അലംഘനീയാ കമലാസനാജ്ഞാ" എന്നുണ്ടല്ലൊ. സൎവ്വശക്തനായ ജഗദീശ്വരൻ അദ്ദേഹത്തിൻെറ പവിത്രാത്മാവിനു് നിത്യശാന്തി അരുളുമാറാകട്ടെ.

കെ കെ ജി. പിള്ള.